"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - കോഴിക്കോട് ജില്ലയിലെ വടകര താലൂക്കിലെ മരുതോങ്കര വില്ലേജാഫീസ് പ്രവർത്തിച്ച വന്നിരുന്ന കെട്ടിടത്തിന് സ്പെഷ്യൽ റെന്റ് നിർണ്ണയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.1242/2025/RD തീയതി,തിരുവനന്തപുരം, 26-05-2025

---

പരാമർശം:-

1. 07.08.2017 തീയതിയിലെ സ.ഉ.(പി)നം.102/2017/ധന നമ്പർ സർക്കാർ ഉത്തരവ്.
2. 10.01.2022 തീയതിയിലെ സ.ഉ.(എം.എസ്)നം.1/2022/പൊമവ നമ്പർ സർക്കാർ ഉത്തരവ്.
3. ലാൻഡ് റവന്യൂ കമ്മീഷണറുടെ 26.04.2025 തീയതിയിലെ എൽആർ/4338/2025-എൽആർ(ജി7) നമ്പർ കത്ത്.

**ഉത്തരവ്**

കോഴിക്കോട് ജില്ലയിലെ വടകര താലൂക്കിലെ മരുതോങ്കര വില്ലേജ് ഓഫീസ് 2021-22 സാമ്പത്തിക വർഷത്തെ പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി സർക്കാരിൽ നിന്നും ഭരണാനുമതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ 10/04/2022 മുതൽ 01/10/2024 വരെ ശ്രീ.ജാബിർ. കെ.എം, ആലയിൽ, വാളാട് പി.ഒ എന്നവരുടെ മരുതോങ്കര പഞ്ചായത്തിലെ XI/557, 558, 559, 560, 561, 562 എന്നീ നമ്പർ കെട്ടിടത്തിലാണ് പ്രവർത്തിച്ചിരുന്നത്.

2] പൊതുമരാമത്ത് വകുപ്പ് സമർപ്പിച്ച റെന്റ് സർട്ടിഫിക്കറ്റ് പ്രകാരം പ്രസ്തുത വില്ലേജ് ഓഫീസ് കെട്ടിടത്തിന്റെ അനുവദനീയമായ കാർപ്പെറ്റ് ഏരിയയായ 24.787 ച.മീ. ന് ആനുപാതികമായി 2,990/- രൂപയും കെട്ടിടത്തിന്റെ ഒക്യൂപൈഡ് കാർപ്പെറ്റ് ഏരിയയായ 114.59ച.മീ ന് ആനുപാതികമായി 13,823/- രൂപയുമാണ് വാടകയായി നിശ്ചയിച്ചിട്ടുള്ളത്. വില്ലേജ് ജീവനക്കാർക്ക് ഉപയോഗിക്കുന്നതിന് പുറമെ പൊതുജന സൗഹൃദമെന്ന രീതിയിൽ ജനങ്ങൾക്ക് ഇടപഴകുന്നതിനുള്ള സൗകര്യവും പഴയ റിക്കാർഡുകളും ഫയലുകളും സൂക്ഷിക്കുന്നതിനും, ശുചിമുറി സൗകര്യങ്ങൾ എന്നിവയ്ക്കായി സ്ഥലം ആവശ്യമാണെന്നും ആയതിനാൽ ടി കെട്ടിടത്തിലെ 114.59 ച.മീറ്റർ വിസ്തീർണ്ണം വില്ലേജാഫീസിന്റെ പ്രവർത്തനത്തിനായി ഉപയോഗിച്ചു വരുകയാണെന്ന് ജില്ലാകളക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ളതായും പി.ഡബ്ല്യു.ഡി. ഒക്യൂപൈഡ് കാർപ്പറ്റ് ഏരിയക്ക് നിശ്ചയിച്ച നിരക്കിനേക്കാൾ കുറഞ്ഞ വാടക നിശ്ചയിക്കുന്നതിനുള്ള സാധ്യത പരിശോധിക്കുന്നതിനായി കെട്ടിട ഉടമയുമായി റേറ്റ് നെഗോസിയേഷൻ നടത്തിയതിൽ, പ്രതിമാസ വാടകയായി 10,000/- രൂപയായി നിശ്ചയിക്കുന്നതിന് സമ്മതമാണെന്ന് രേഖാമൂലം അറിയിച്ചിട്ടുള്ളതായും ആയതിനാൽ ടി കെട്ടിടത്തിന്റെ ഒക്യൂപൈഡ് ഏരിയയായ 114.59 ച.മീറ്ററിന് 10/04/2022 തീയതി മുതൽ 01/10/2024 വരെ പ്രതിമാസം 10,000/- രൂപ വാടക

നിർണ്ണയിക്കുന്നതിനുള്ള അനുമതി നൽകണമെന്ന് റെന്റ് സർട്ടിഫിക്കറ്റും മറ്റ് അനുബന്ധ രേഖകളും സഹിതം, ലാൻഡ് റവന്യൂ കമ്മീഷണർ പരാമർശത്തിലെ കത്ത് പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

3] സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം 2-ലെ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി കോഴിക്കോട് ജില്ലയിലെ വടകര താലൂക്കിലെ മരുതോങ്കര വില്ലേജാഫീസ് 10/04/2022 മുതൽ 01/10/2024 വരെ പ്രവർത്തിച്ചു വന്നിരുന്ന കെട്ടിടത്തിന് കെട്ടിട ഉടമ ആവശ്യപ്പെട്ട തുകയായ 10,000/- രൂപ (പതിനായിരം രൂപ മാത്രം) സ്പെഷ്യൽ റെന്റ് ആയി നിർണ്ണയിച്ച് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
PUSHPAVALLY B
അണ്ടർ സെക്രട്ടറി

കമ്മീഷണർ, ലാൻഡ് റവന്യൂ, തിരുവനന്തപുരം
ജില്ലാ കളക്ടർ, കോഴിക്കോട്
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
പൊതുമരാമത്ത് വകുപ്പ്
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Sheeba V R
സെക്ഷൻ ഓഫീസർ
Date: 26-05-2025 17:04:49